**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 129** **04-02-2026 - ൽ മറുപടിയ്ക്ക്**

**കാൽനടയാത്രക്കാർ നേരിടുന്ന പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. പ്രമോദ് നാരായൺ,<br>ശ്രീ. ജോബ് മൈക്കിൾ** | | **ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കാൽനടയാത്രക്കാർ നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സീബ്ര ലൈനുകളിൽ വാഹനങ്ങൾ നിർത്തുക, ഫുട്പാത്തുകളിലൂടെ വാഹനം ഓടിക്കുന്നതും, സീബ്രാ ലൈനുകളിൽ കൂടുതൽ വേഗതയിൽ വാഹനം ഓടിക്കുന്നതും, ഫുട്പാത്തിലെ അനധികൃത പാർക്കിംഗ്, പെഡസ്ട്രിയൻ ക്രോസിങ് ഏരിയ/സീബ്ര ലൈൻ ക്രോസിങ് ഏരിയ, അംഗപരിമിതർക്കുള്ള റാമ്പുകൾ എന്നിവിടങ്ങളിൽ അപകടകരമാം വിധം വാഹനം പാർക്ക് ചെയ്യുന്നതും കാൽനടയാത്രക്കാർക്ക് അപകടങ്ങൾ ഉണ്ടാകുന്നതിന് കാരണമാകുന്നു. നടപ്പാതകളുടെ അഭാവവും, നടപ്പാതയിലെ ചിലയിടങ്ങളിലെ തടസ്സങ്ങളും കാൽനടയാത്രക്കാർ നേരിടുന്ന മറ്റ് പ്രധാന പ്രശ്നങ്ങൾ ആണ്.<br><br>കാൽനടയാത്രക്കാരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് 02/11/2025 മുതൽ 15/12/2025 വരെ രണ്ടു സ്പെഷ്യൽ ഡ്രൈവുകൾ സംസ്ഥാനത്തുടനീളം നടത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഫുട്പാത്തിലെ അനധികൃത പാർക്കിംഗ്, പെഡസ്ട്രിയൻ ക്രോസിങ് ഏരിയ/സീബ്ര ലൈൻ ക്രോസിങ് ഏരിയ, അംഗപരിമിതർക്കുള്ള റാമ്പുകൾ എന്നിവിടങ്ങളിൽ അപകടകരമാം വിധം വാഹനം പാർക്ക് ചെയ്യുന്നവരെയും വാഹനം ഉപയോഗിക്കുന്നവരെയും കണ്ടെത്തി പിഴ ഈടാക്കുവാനും രണ്ടിലധികം തവണ കുറ്റം ആവർത്തിക്കുന്നവരുടെ ലൈസൻസ് സ്പോട്ടിൽ വെച്ച് showcase നോട്ടീസ് നൽകി സസ്പെൻഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു. കൂടാതെ ഇവർക്ക് IDTRയിൽ 5 ദിവസത്തെ പ്രത്യേക ട്രെയിനിങ് നൽകുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കാൽനടയാത്രക്കാർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളായ മാഞ്ഞുപോയ |

| | | | |
|---|---|---|---|
| | | | സീബ്ര ലൈനുകൾ, കാൽനടയാത്രയ്ക്ക് അനുയോജ്യമല്ലാത്ത നടപ്പാതകൾ, നടപ്പാതയിലെ വാഹന പാർക്കിംഗ്, ഹാൻഡ് റെയിലുകളുടെ അഭാവം മുതലായവ പരിഹരിക്കുന്നതിനായി നാറ്റ്പാക് അനുയോജ്യമായ പരിഹാര നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്.<br><br>കാൽനടയാത്രക്കാരുടെ സുരക്ഷയെ സംബന്ധിച്ച് റോഡ് സുരക്ഷാ ക്ലാസുകൾ, പരിശീലന പരിപാടികൾ എന്നിവയിലൂടെ ഡ്രൈവർമാർ, സ്കൂൾ കോളേജ് വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ള റോഡ് ഉപഭോക്താക്കൾക്ക് ബോധവത്ക്കരണവും നല്കി വരുന്നു. |
| (ബി) | കാൽനടയാത്രക്കാരുടെ അപകട മരണനിരക്ക് സംബന്ധിച്ച് റിപ്പോർട്ടുകൾ തേടിയിട്ടുണ്ടോ; | (ബി) | ഉണ്ട്. സംസ്ഥാന ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ ഓൺലൈൻ പോർട്ടലായ റാപ്പിഡ് (RAPID) ൽ നിന്നും കാൽനട യാത്രക്കാരുടെ അപകട മരണത്തെ കുറിച്ചുള്ള കഴിഞ്ഞ നാല് വർഷത്തെ വിവരങ്ങൾ ശേഖരിച്ച് അപഗ്രഥിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. 2025 ൽ 1702 കാൽനടയാത്രക്കാരാണ് വാഹനാപകടം കാരണം മരണപ്പെട്ടിട്ടുള്ളത്. |
| (സി) | റോഡ് മുറിച്ച് കടക്കുന്ന ഇടങ്ങളിലെ സീബ്രാ ലൈനുകൾ മാഞ്ഞുപോയതായി പരാതികൾ ലഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (സി) | ഉണ്ട്. റോഡ് മുറിച്ച് കടക്കുന്ന ഇടങ്ങളിലെ സീബ്രാ ലൈനുകൾ മാഞ്ഞുപോയതായി പരാതികൾ ലഭിക്കുന്ന മുറക്ക് ടി പരാതികൾ ബന്ധപ്പെട്ട റോഡ് ഏജൻസികൾക്കും, ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾക്കും അയച്ചു കൊടുത്തു ആയവ പുനഃസ്ഥാപിക്കാനുള്ള നടപടി കൈകൊള്ളുകയും, ഇത്തരം റോഡ് സുരക്ഷാ പ്രവർത്തനങ്ങൾക്ക് ബന്ധപ്പെട്ട ഏജൻസികൾ ആവശ്യപ്പെടുന്ന മുറക്ക് റോഡ് സേഫ്റ്റി അതോറിറ്റിയുടെ തീരുമാനത്തിനു വിധേയമായി റോഡ് സേഫ്റ്റി അതോറ്റിയുടെ ഫണ്ടിൽ നിന്നും തുക അനുവദിച്ച് വരുകയും ചെയ്യുന്നു. |
| (ഡി) | നടപ്പാതകളിൽ വാഹനങ്ങൾ പാർക്ക് ചെയ്യുന്നത് ഒഴിവാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | (ഡി) | നടപ്പാതകളിൽ വാഹനങ്ങൾ പാർക്ക് ചെയ്ത് കാൽനടയാത്രക്കാർക്ക് തടസ്സങ്ങൾ ഉണ്ടാക്കുന്നതുൾപ്പെടെയുള്ള നടപ്പാതകളിലെ തടസ്സങ്ങൾ നീക്കം ചെയ്യുന്നതിന് ആവശ്യമായ നടപടി കൈകൊള്ളുവാൻ ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നടപ്പാതകളിൽ പാർക്കിംഗ് തടയുന്നതിനും, കാൽനടയാത്രക്കാരുടെ സുരക്ഷക്കുമായി കൈവരികളോട് കൂടിയ (Handrails) നടപ്പാതകൾ നിർമ്മിക്കുന്നതിനുമായി റോഡ് സേഫ്റ്റി അതോറിറ്റിയുടെ ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നുണ്ട്. നടപ്പാതകളിൽ വാഹനങ്ങൾ പാർക്ക് ചെയ്യുന്നവരെ കണ്ടെത്തി നിയമം |

| | | | |
|---|---|---|---|
| | | | അനുശാസിക്കുന്ന പ്രകാരമുള്ള പിഴ തുക ഈടാക്കുന്നുമുണ്ട്. |
| (ഇ) | ഡ്രൈവർമാരുടെ അശ്രദ്ധമൂലം കാൽനടയാത്രക്കാർ മരണപ്പെടുന്നത് ഒഴിവാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ? | (ഇ) | ഡ്രൈവർമാരുടെ അശ്രദ്ധമൂലം കാൽനടയാത്രക്കാർ മരിക്കുന്നത് ഒഴിവാക്കാനായി സീബ്ര ലൈനുകൾ ഉള്ള സ്ഥലങ്ങളിൽ കാൽനടയാത്രക്കാർക്കായി വാഹനങ്ങൾ വേഗത കുറയ്ക്കുന്നുണ്ടോ എന്ന് സൂക്ഷ്മ പരിശോധന നടത്തുകയും അങ്ങനെ ചെയ്യാത്ത ഡ്രൈവർമാർക്ക് എതിരെ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കാൽനടയാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിന് സംസ്ഥാനത്തുടനീളം പ്രത്യേക ഡ്രൈവ് നടത്തിവരുന്നു. സ്ഥിരമായി കാൽനടയാത്രക്കാർ വാഹനാ പകടങ്ങളിൽപ്പെടുന്ന സ്ഥലങ്ങളിൽ വാഹനങ്ങൾ റെഡ് ലൈറ്റ് ജമ്പിങ് നടത്തുന്നുണ്ടോ എന്ന് പരിശോധിക്കുന്ന തിനായി ക്യാമറ സൗകര്യം സ്ഥാപിച്ചിട്ടുണ്ട് .<br><br>ഡ്രൈവർമാരുടെ അശ്രദ്ധമൂലം കാൽനടയാത്രക്കാർ മരണപ്പെടുന്നത് ഒഴിവാക്കുന്നതിനായി കെഎസ്ആർടിസി ചീഫ്ഓഫീസ് തലത്തിലും ഡിപ്പോ തലത്തിലും ACCIDENT MONITORING CELL (അപകട നിരീക്ഷണ സമിതി) പ്രവർത്തിച്ചു വരുന്നു. ഈ സമിതി അപകടങ്ങൾ വിലയിരുത്തുകയും അപകടം കുറയ്ക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. റോഡ് അപകട നിവാരണവുമായി ബന്ധപ്പെട്ട് ഡിപ്പോ തലത്തിൽ മൂന്ന് മാസത്തിൽ ഒരിക്കൽ മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, Road Safety Authority ഉദ്യോഗസ്ഥർ, ഈ മേഖലയിലെ വിദഗ്ധൻമാർ എന്നിവരുടെ നേതൃത്വത്തിൽ മുഴുവൻ ഡ്രൈവർ കണ്ടക്ടർ വിഭാഗം ജീവനക്കാർക്കും അപകട ബോധവൽക്കരണ ക്ലാസുകൾ നടത്തി വരുന്നു. കൂടാതെ മാരകമായ അപകടങ്ങൾ ഉണ്ടാക്കുന്ന ഡ്രൈവർ വിഭാഗം ജീവനക്കാർക്കും മദ്യപിച്ച് ഡ്യൂട്ടിയ്ക്കെത്തുന്ന ജീവനക്കാർക്കും പരിശോധന നടത്തി കർശന അച്ചടക്ക നടപടികളും തിരുത്തൽ പരിശീലനവും നൽകിവരുന്നു.<br><br>അപകടങ്ങൾ കുറയ്ക്കുന്നതിന്റെ ഭാഗമായി പുതിയ ബസുകളിൽ" കോ പൈലറ്റ് A1 ഫീച്ചർ ക്യാമറ " ഡ്രൈവർ ക്യാമറയുടെ കൂടെ ഘടിപ്പിച്ചിട്ടുണ്ട്. ഇതിന്റെ സഹായത്താൽ ഡ്രൈവിംഗ് സമയത്തുള്ള ഡ്രൈവിങ്ങിന്റെ ശ്രദ്ധ തിരിക്കുന്ന ഉറക്കം, മൊബൈൽ ഉപയോഗം തുടങ്ങിയവയും അമിത വേഗത, അശ്രദ്ധമായ ഡ്രൈവിംഗ് എന്നിവ യഥാസമയം തന്നെ കണ്ടെത്തി അലർട്ട് |

| | | | |
|---|---|---|---|
| | | | ചെയ്യുന്നതിലൂടെ അപകടം ഒഴിവാക്കുന്നതിന് സാധിയ്ക്കുന്നുണ്ട്. മേൽ പറഞ്ഞ സാഹചര്യങ്ങൾ ഉണ്ടായാൽ കൺട്രോൾ റൂമിൽ തത്സമയം തന്നെ വിവരം ലഭ്യമാക്കുന്ന സോഫ്റ്റ്‌വെയർ ആണ് ഇൻസ്റ്റാൾ ചെയ്തിരിക്കുന്നത്.<br><br>അപകടങ്ങൾ കുറയ്ക്കുന്നതിന്റെ ഭാഗമായി ജീവനക്കാരുടെ സഹകരണത്തോടുകൂടി നിർമ്മിച്ച വിഡിയോ ഉൾപ്പെടുത്തിയുള്ള ബോധവൽക്കരണം നടത്തിവരുന്നു. ഇപ്രകാരം കെ എസ് ആർ ടി സി യിൽ വാഹനാപകടങ്ങൾ കുറയ്ക്കുന്നതിന് സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ